നമ്പർ: 202/2018

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ഇപ്പോൾ കേരളത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ കാലവർഷകെടുതികളും പ്രളയവും പ്രകൃതി ദുരന്തങ്ങളും മൂലം ഏറെ ആളുകൾ മരണപ്പെടുകയും അനേകർ ഭക്ഷണവും താമസ സൗകര്യവും ഇല്ലാതെ ഒറ്റപ്പെട്ട് കഴിയുകയും ചെയ്യുന്ന സാഹചര്യം ഏവർക്കും അറിവുള്ളതാണല്ലോ. നമ്മുടെ സഭാ വിശ്വാസികൾ അടക്കമുള്ളവരുടെ ഭവനങ്ങളും കച്ചവട സ്ഥാപനങ്ങളും ആരാധനാലയങ്ങളും നഷ്ടപ്പെടുകയും അനേകർക്ക് നാശനഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്ന അവസ്ഥയെ നാം ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. **2018 ഓഗസ്റ്റ് 12 ഞായറാഴ്ച പരിശുദ്ധ സഭ ദുരിതാശ്വാസദിനമായി ആചരിക്കുകയും അന്നേദിവസം പ്രത്യേകമായി പ്രാർത്ഥന നടത്തുകയും ചെയ്യണം.** കേരളത്തിലെ നമ്മുടെ വിവിധ മെത്രാസനങ്ങളുടെയും, സഭാ വിശ്വാസികളുടെ നേതൃത്വത്തിലുള്ള സംഘടനകളുടെയും സഭയുടെ യുവജനപ്രസ്ഥാനത്തിന്റെയും ചുമതലയിൽ ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങിയ അവശ്യ സാധനങ്ങൾ ശേഖരിച്ച് സിവിൽ അധികൃതരുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതിന് പരമാവധി പരിശ്രമിക്കണം.

പ്രളയ ദുരന്തത്തിന്റെ ഭീകരത വളരെ വലുതായതിനാൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായം എത്തിക്കുന്നതിന് സഭാമക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. ലത്തൂരിലെ ഭൂകമ്പ ബാധിതരെ സഹായിക്കുന്നതിനും, സുനാമി ബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ഛത്തീസ്ഗഢിലെയും ചെന്നൈയിലെയും പ്രളയബാധിതരെ സഹായിക്കുന്നതിനും നാം കാട്ടിയ ഉത്സാഹം ഇവിടെയും പ്രകടിപ്പിക്കുവാൻ നമുക്ക് സാധിക്കണം. പ്രയാസമനുഭവിക്കുന്ന സഹോദരങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ ക്രൈസ്തവ ചുമതലയും കർത്തവ്യവുമാണ്. ഓരോ ഇടവകയും അവരവരുടെ കഴിവിന്റെ പരമാവധി തുക ഇതിനുവേണ്ടി സമാഹരിച്ച് പ്രളയ ദുരിതാശ്വാസത്തിന് വിനിയോഗിക്കേണ്ടതിനായി താഴെ പറയുന്ന അക്കൗണ്ടുകളിലേക്ക് അയയ്ക്കണമെന്ന് നാം നിങ്ങളോട് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

ഇന്ത്യൻ രൂപയിലുള്ള തുകകൾ: **A/c No. 57017053190, SBI Devalokam Branch, IFSCode SBIN 0070820, Name of Accout Holder: H H Baselios Marthoma Paulose II - Natural Calamity.**

വിദേശ കറൻസിയിലുള്ള തുകകൾ: **A/c No. 57008125180, SBI, Kottayam Civil Station Branch, IFSC: SBIN0070101, Account Holder: H. H. Baselios Marthoma Paulose II.**

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഓഗസ്റ്റ് മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.